നം.9/2019/SRG(CC)

തദ്ദേശസ്വയംഭരണ വകുപ്പ്
20.08.2019

# കുറിപ്പ്

വിഷയം :- ജനകീയാസൂത്രണം - 2019-20 വാർഷിക പദ്ധതി ഭേദഗതി സംബന്ധിച്ച്

1. ജനകീയാസൂത്രണ പദ്ധതിയിൽ 17 തദ്ദേശഭരണ സ്ഥാപനങ്ങൾ ഒഴികെ മറ്റുള്ളവർ 2019-20-ലെ അന്തിമ വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ മാസമുണ്ടായ പ്രളയമടക്കമുള്ള പ്രശ്നങ്ങൾ കണക്കിലെടുത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതിയിൽ ചില ഭേദഗതികൾ അനിവാര്യമായി വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ നടപ്പുവർഷത്തെ പദ്ധതി താഴെപ്പറയുന്ന നിബന്ധനകളോടെ ഭേദഗതി ചെയ്യാവുന്നതാണ്. ഇതിനുള്ള ക്രമീകരണം 21.08.2019 മുതൽ 05.09.2019 വരെ സുലേഖ സോഫ്റ്റ് വെയറിൽ ഉണ്ട്.

2.1 വാർഷിക പദ്ധതിയിലെ ഏതെങ്കിലും പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസർ അനുമതി നൽകാതിരിക്കുകയോ സാങ്കേതികാനുമതി ലഭിക്കാതിരിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ

2.2 സർക്കാർ നിർദ്ദേശപ്രകാരം എടുക്കേണ്ട പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിന്

2.3 ജില്ലാ ആസൂത്രണസമിതി നിരസിച്ചതും മാർഗ്ഗരേഖ/സബ്സിഡി നിരക്ക് എന്നിവ പാലിക്കാതെയുമുള്ള പ്രോജക്ട് ഒഴിവാക്കുന്നതിന്

2.4 കേന്ദ്ര-സംസ്ഥാന പദ്ധതി പ്രകാരം ലഭിച്ച തുകയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം വകയിരുത്തൽ, ആശ്രയ പ്രോജക്ടുകൾക്ക് മതിയായ വിഹിതം വകയിരുത്തുന്നതിന്

2.5 2018-19 -ലെ വാർഷികപദ്ധതിയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും പ്രോജക്ടുകൾക്ക് MPLAD, MLASDF കേന്ദ്രാവിഷ്കൃത പദ്ധതി തുടങ്ങിയതടക്കം മറ്റേതെങ്കിലും തലത്തിൽ ഭരണാനുമതിയും ഫണ്ടും ലഭിച്ചിട്ടുണ്ടെങ്കിൽ അവ ഒഴിവാക്കി ഇതിൽ നിന്നും ലഭിക്കുന്ന തുക ഉപയോഗിച്ച് മറ്റു പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന്

2.6 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എസ്.സി.എസ്.പി/റ്റി.എസ്.പി യിലെ വ്യക്തിഗതമല്ലാത്ത പൊതു ആവശ്യ പ്രോജക്ടുകൾക്ക് ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ലഭിക്കാതെ വന്നാൽ (ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ/ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ഫീസിബിൾ അല്ലായെന്ന് സാക്ഷ്യപ്പെടുത്തണം) ഇത്തരം പ്രോജക്ടുകൾ ഒഴിവാക്കി പുതിയ പ്രോജക്ട് എടുക്കുന്നതിന്

2.7 ടെണ്ടർ നടപടി പൂർത്തിയായ പ്രോജക്ടുകളിൽ ടെണ്ടർ സേവിംഗ്സ് ഉള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് പുതിയ പ്രോജക്ടുകൾ എടുക്കാവുന്നതാണ്. ഇതനുസരിച്ച് ടെണ്ടർ സേവിംഗ്സ് ലഭ്യമായ പ്രോജക്ടുകളും ഭേദഗതി ചെയ്യാവുന്നതാണ്.

2.8 ധനവകുപ്പിന്റെ 01.08.2019-ലെ 6105/2019/ധന നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അങ്കണവാടി അദ്ധ്യാപകർക്കും സഹായികൾക്കും നൽകേണ്ട തുക, അമൃത്(AMRUT) തിരിച്ചടവ് തുക എന്നിവ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണം. ഈ തുക കണ്ടെത്തുന്നതിനുള്ള ഭേദഗതിയും ഈ തുക അടയ്ക്കുന്നതിനു വേണ്ട പ്രോജക്ടുകളും തയ്യാറാക്കുന്നതിന്

2.9 (i) ലൈഫ് മിഷൻ പദ്ധതി പ്രകാരം അനുവദിച്ചിരിക്കുന്ന സംസ്ഥാന വിഹിതം ഉപയോഗിച്ച് പ്രോജക്ട് എടുക്കുന്നതിന്/ഭേദഗതി ചെയ്യുന്നതിന്

(ii) ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ നൽകിയ വിഹിതം കൂട്ടിച്ചേർത്ത് ഗ്രാമപഞ്ചായത്തുകളുടെ ലൈഫ് മിഷൻ പ്രോജക്ടുകൾ പരിഷ്കരിക്കൽ

2.10 പ്രളയക്കെടുതി നേരിടുന്നതിനും തകർന്ന ആസ്തികൾ പുനഃസൃഷ്ടിക്കുന്നതിനും അറ്റകുറ്റപ്പണികൾക്കുമായി പുതിയ പ്രോജക്ട് ഏറ്റെടുക്കുന്നതിന്

2.11 09.08.2019-ലെ 1735/2019/തസ്വഭവ ഉത്തരവു പ്രകാരം ഏറ്റെടുത്തിട്ടുള്ള പ്രോജക്ടുകൾ കൂടി വാലിഡേഷനിൽ ഉൾപ്പെടുത്തി വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന്

2.12 മുകളിൽ പറഞ്ഞവ കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തീർത്തും അനിവാര്യമാണെന്നു തോന്നുന്ന ഭേദഗതികൾ വാർഷിക പദ്ധതിയിൽ വരുത്താവുന്നതാണ്. ഇത് അനിവാര്യമാണോ എന്ന് ജില്ലാ ആസൂത്രണ സമിതി പ്രത്യേകമായി പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കണം.

3 ഏതെങ്കിലും പ്രോജക്ടുകൾ ഒഴിവാക്കുകയാണെങ്കിൽ ഇങ്ങനെ ലഭിക്കുന്ന തുക സ്പിൽ ഓവർ പ്രോജക്ടുകൾക്കോ മുകളിൽ പറഞ്ഞിരിക്കുന്ന പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിനോ ഉപയോഗിക്കേണ്ടതാണ്. തുക മിച്ചം ഉണ്ട് എങ്കിൽ മാത്രമേ പുതിയ പ്രോജക്ടുകൾക്ക് ഉപയോഗിക്കാവൂ. വാർഷിക പദ്ധതി ഭേദഗതി ചെയ്യുമ്പോൾ നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള മേഖലാ വിഭജനമടക്കമുള്ള നിബന്ധനകൾ പാലിച്ചിരിക്കണം.

4 വാർഷിക പദ്ധതിയിൽ മുകളിൽ പറഞ്ഞ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിയിൽ ആവശ്യമായ ഭേദഗതി വരുത്തി വെറ്റിംഗും സാങ്കേതികാനുമതിയും വാങ്ങി 05.09.2019-നകം ജില്ലാ ആസൂത്രണസമിതിക്ക് അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്. ധനവകുപ്പിന്റെ 01.08.2019-ലെ ഉത്തരവ് പ്രകാരം നിർദ്ദിഷ്ട ശീർഷകത്തിലേയ്ക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റു ചെയ്തില്ലായെങ്കിൽ മറ്റു ബില്ലുകൾ ട്രഷറിയിൽ നിന്നു മാറുകയില്ല. അതിനാൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

(ഒപ്പ്)
അഡീഷണൽ ചീഫ് സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ്